"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - പ്രളയക്കെടുതിയിൽ ആലപ്പുഴ ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അധിക ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## റവന്യൂ (ഡി.ആർ.എഫ് - സി) വകുപ്പ്

**സ.ഉ.(സാധാ) നം.2391/2020/റവ.    തീയതി,തിരുവനന്തപുരം, 14/07/2020**

---

പരാമർശം:
1. സ.ഉ. (സാധാ) നം.5088/2018/റവ. തീയതി.08.12.2018
2. സ.ഉ. (സാധാ) നം.134/2019/റവ. തീയതി.14.01.2019
3. സ.ഉ. (സാധാ) നം.2020/2019/റവ. തീയതി.26.07.2019
4. സ.ഉ. (സാധാ) നം.2061/2019/റവ. തീയതി.27.07.2019
5. സ.ഉ. (സാധാ) നം.3664/2019/റവ. തീയതി.06.12.2019
6. സ.ഉ. (സാധാ) നം.715/2020/റവ. തീയതി.19.02.2020
7. ആലപ്പുഴ ജില്ലാ കളക്ടറുടെ 08.06.2020-ലെ [illegible] 2019 നമ്പർ കത്ത്

## ഉത്തരവ്

പ്രളയക്കെടുതിയിൽ ആലപ്പുഴ ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം 253.10 കോടി രൂപയായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തിട്ടപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം(1) പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 126,55,00,000/- രൂപയും പരാമർശം (2) പ്രകാരം 125,45,92,800/- രൂപയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിനു ശേഷം ലഭിച്ച അപ്പീൽ അപേക്ഷകൾ തീർപ്പാക്കുന്നതിനായി പരാമർശം (3) പ്രകാരം 100,00,00,000/- രൂപയും പരാമർശം (4) പ്രകാരം 83,00,00,000/- രൂപയും പരാമർശം (5) പ്രകാരം 13,22,74,350/- രൂപയും പരാമർശം (6) പ്രകാരം 27,04,16,700/- രൂപയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ചെങ്ങന്നൂർ, അമ്പലപ്പുഴ തഹസിൽദാർമാരിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെങ്ങന്നൂർ താലൂക്കിൽ 94,51,900/- രൂപയും അമ്പലപ്പുഴ താലൂക്കിൽ 4,66,79,450/- രൂപയും ചേർത്ത് ആകെ 5,61,31,350/- രൂപ (അഞ്ചു കോടി അറുപത്തിയൊന്നു ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി മുന്നൂറ്റി അൻപത് രൂപ മാത്രം) കൂടി ജില്ലയിൽ വിതരണത്തിന് ആവശ്യമുള്ളതാണെന്നും ആയത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കണമെന്നും ആലപ്പുഴ ജില്ലാ കളക്ടർ പരാമർശം (7) പ്രകാരം അഭ്യർഥിച്ചു.

3. ചെങ്ങന്നൂർ, അമ്പലപ്പുഴ താലൂക്കുകൾക്ക് അനുവദിക്കേണ്ട തുക സംബന്ധിച്ച വിശദാംശങ്ങൾ ആലപ്പുഴ ജില്ലാ കളക്ടർ താഴെപ്പറയും പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്

File No.DRF-A4/326/2020-REV

| താലൂക്ക് | | വീട്ടുകളുടെ എണ്ണം | CMDRF -ൽ നിന്നുള്ള ധനസഹായം (രൂപയിൽ) | ആകെ | നിലവിൽ ബാലൻസുള്ള തുക | ആകെ ആവശ്യമായ തുക |
|---|---|---|---|---|---|---|
| ചെങ്ങന്നൂർ | രണ്ടാം ഗഡു | 20 | 20 x 304900 = 6098000 | 9451900 | Nil | **94,51,900** |
| | മൂന്നാം ഗഡു | 22 | 22 x 152450 = 3353900 | | | |
| അമ്പലപ്പുഴ | രണ്ടാം ഗഡു | 116 | 116 x 152450 =17684200 | 50460950 | 3781500 | **4,66,79,450** |
| | മൂന്നാം ഗഡു | 215 | 215 x 152450 =32776750 | | | |
| ആകെ | | | | | | **5,61,31,350** |

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1), (2), (3), (4), (5), (6) ഉത്തരവുകൾ പ്രകാരം അനുവദിച്ച ധനസഹായത്തിനു പുറമേ ചെങ്ങന്നൂർ താലൂക്കിൽ 94,51,900/-രൂപയും അമ്പലപ്പുഴ താലൂക്കിൽ 4,66,79,450/- രൂപയും ചേർത്ത് ആകെ 5,61,31,350/- രൂപ (അഞ്ചു കോടി അറുപത്തിയൊന്നു ലക്ഷത്തി മുപ്പത്തിയൊന്നാ-യിരത്തി മുന്നൂറ്റി അൻപത് രൂപ മാത്രം) കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. വിതരണത്തിന് ആവശ്യമായി വരുന്ന 5,61,31,350/- രൂപ (അഞ്ചു കോടി അറുപത്തിയൊന്നു ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി മുന്നൂറ്റി അൻപത് രൂപ മാത്രം) "2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)" എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൌണ്ടിൽ നിന്നും ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
ജോയിന്റ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, ആലപ്പുഴ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ
തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (ദുരിതാശ്വാസ നിധിയുടെ ഖജാൻജി)

**File No.DRF-A4/326/2020-REV**

ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖേന)
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ, (ആഡിറ്റ്/ എ & ഇ), കേരള.
തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ്/നൃ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം

Bindumol.K.N

സെക്ഷൻ ഓഫീസർ